**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4752** **13-03-2023 - ൽ മറുപടിയ്ക്ക്**

**കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ നിലവിലുള്ള വെന്റഡ് ക്രോസ്സ് ബാർ (വിസിബി) കം ബ്രിഡ്ജ് കാലപ്പഴക്കത്താൽ ജീർണിച്ച് അപകടാവസ്ഥയിലായത് സർക്കാറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കൈവരികൾ പോലും തകർന്ന ഇതിലൂടെ വാഹനങ്ങൾ കടന്ന് പോകുന്നതിൽ അപകട സാധ്യതയുള്ളതിനാൽ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; | (എ) | അപകടാവസ്ഥ കണക്കിലെടുത്ത് മുൻകരുതൽ ബോർഡുകൾ ഇരുകരകളിലും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | പുതിയ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി നബാർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചിരുന്നില്ല. കൂടാതെ കാസറഗോഡ് ഡവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നബാർഡ് - ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ ഐ ഡി എഫ്)-ൽ ഈ പ്രവൃത്തിയെ ഉൾപ്പെടുത്തുന്നതിന് വേണ്ട പുതിയ ഭരണാനുമതി വകുപ്പ് നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ഏത് ഓഫീസിൽ ഏത് നമ്പരിലാണ് നിലവിലുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | (സി) | പുതിയ ഭരണാനുമതി നല്കിയിട്ടില്ല. നിലവിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ചെറുകിട ജലസേചനവിഭാഗം, കുമ്പള കാര്യാലയത്തിലെ ഫയൽ നമ്പർ IRR/IA/FL/5507/2022ൽ ആണ് ഉള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയെ നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി കുമ്പള, ബംബ്രാണ എന്നീ വില്ലേജുകളിൽ വരുന്ന കഞ്ചിക്കട്ട വി.സി.ബി കം ബ്രിഡ്ജിന്റെ മുഴുവൻ ആയക്കട്ട് ഏരിയയും ഉൾപ്പെടുത്തി DPR ന്റെ ന്യൂനതകൾ പരിഹരിച്ച് അടുത്ത നബാർഡ് ട്രാഞ്ചെയിൽ (ട്രാഞ്ചെ XXIX) അനുമതിക്കായി പുനർ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ